**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4846** | **19.05.2017-ൽ മറുപടിക്ക്**

**ഇതരസംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ**

| **ചോദ്യം** | **മറുപടി** |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) ഇതരസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണവും രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ട് 'ആവാസ്' എന്ന പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സോഫ്റ്റ്‌വെയർ ഡിസൈൻ, തിരിച്ചറിയൽ കാർഡ് നിർമ്മാണം, പ്രിന്റിംഗ്, വിതരണം, AMC എന്നിവയ്ക്കായി സിസ്റ്റം ഇന്റഗ്രേറ്ററായി ഇ-ടെണ്ടറിംഗ് മുഖേന "സ്മാർട്ട് ഐ.റ്റി. സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ്, കൊൽക്കത്ത" എന്ന ഏജൻസിയെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത കമ്പനിയുമായി കരാറിലേർപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) ഇവർ മദ്യവും മയക്കുമരുന്നും വ്യാപകമായി ഉപയോഗിക്കുകയും ഇത് സാമൂഹിക പ്രശ്നം ഉണ്ടാക്കുകയും ചെയ്യുന്ന കാര്യം തൊഴിൽ വകുപ്പ് പരിശോധിക്കുമോ; | (ബി) യും (സി) യും ഇത്തരം കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് പോലീസ്/എക്സൈസ് വകുപ്പുകളുമായി ബന്ധപ്പെട്ട് മേൽ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) ഇവരുടെ ഐഡന്റിറ്റി കാർഡുകളിലെ വിലാസം പരിശോധിക്കുവാൻ നടപടി സ്വീകരിക്കുമോ; ഇവർ തെറ്റായ ഐഡന്റിറ്റി കാർഡുകൾ ഉപയോഗിക്കുന്ന കാര്യം പരിശോധിക്കുമോ; എങ്കിൽ നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ.